നം: ഇ.ഇ. 2/23604/2015

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്
ഭരണ വിഭാഗം,
തിരുവനന്തപുരം,
തീയതി: 20/06/2016

പ്രേഷിതൻ

ചീഫ് എഞ്ചിനിയർ.

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ
നിരത്ത് വിഭാഗം, കെട്ടിട വിഭാഗം, ദേശീയപാത, ഡ്രിക്ക്, കെ.എസ്.റ്റി.പി

സൂപ്രണ്ടിംഗ് എഞ്ചിനീയർ
കെട്ടിട വിഭാഗം, ദേശീയപാത, റോഡ്സ് ആന്റ് ബ്രിഡ്ജസ്

സർ,

വിഷയം; പൊതുമരാമത്ത് വകുപ്പ്- ജീവനക്കാര്യം- പൊതുമരാമത്ത് വകുപ്പിലെ സർക്കാർ തസ്തികയിലുള്ള ചില ജീവനക്കാർ ജോലി ചെയ്യാതെ ശമ്പളം പറ്റുന്നുവെന്ന പരാതി - സംബന്ധിച്ച്

സൂചന: 08.06.2016 ലെ സ.ക.നം.22567/ബി1/2015/പൊതുമരാമത്ത് വകുപ്പ്.

****

താങ്കളുടെ കാര്യാലയത്തിലും, കാര്യാലയത്തിനു കീഴിലുള്ള മറ്റ് കാര്യാലയങ്ങളിലും നിലവിൽ ജോലി ചെയ്യുന്ന വർക്കർ തസ്തികയിൽ സ്ഥിരപ്പെട്ട തൊഴിലാളികളുടെ വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ 30.06.2016 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഈ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ ജോലിയിൽ തുടരുന്നില്ലെങ്കിൽ ഒരു Nil Report നൽകി പ്രസ്തുത വിവരവും അറിയിക്കേണ്ടതാണ്. സർക്കാരിലേക്ക് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം: പ്രൊഫോർമ

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ് : ഐ.റ്റി.സെൽ

കാര്യാലയത്തിന്റെ പേര് :-

വർക്കർ തസ്തികയിൽ സ്ഥിരപ്പെട്ട ജീവനക്കാരുടെ വിശദാംശങ്ങൾ

പേര്	ജോലി ചെയ്യുന്ന തസ്തിക/ചെയ്യുന്ന ജോലിയുടെ സ്വഭാവം	നിലവിലെ കാര്യാലയത്തിൽ പ്രവേശിച്ച തീയതി	വിരമിക്കൽ തീയതി	റിമാർക്സ്